# SOCIETY OF ST.VINCENT DE PAUL

## ERNAKULAM CENTRAL COUNCIL

**Renewal Centre, Azad Road, Kaloor, Kochi - 682 017**

# OZANAM EDUCATIONAL ASSISTANCE SCHEME (OEAS)

*A Project of Ernakulam Central Council, Society of St. Vincent De Paul, to provide financial assistance to students in need.*

## പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗരേഖ

### 1. OEAS പദ്ധതി

- സാമ്പത്തിക പിന്നോക്കാവസ്ഥയുള്ള വിദ്യാർത്ഥികൾക്കു ധനസഹായം നൽകുന്നു.
- എറണാകുളം സെൻട്രൽ കൗൺസിൽ പരിധിയിലുള്ളകോൺഫ്രൻസുകളുടെയും എറണാകുളം സെൻട്രൽ കൗൺസിൽ വഴി Internal Twinning ലഭിക്കുന്ന മറ്റു സെൻട്രൽ കൗൺസിൽ പരിധികളിലുള്ള കോൺഫ്രൻസുകളുടെയും പ്രവർത്തന മേഖലകളിലെ വിദ്യാർത്ഥികൾക്ക്.
- OEAS ധനസഹായത്തിനു പരിഗണിക്കുന്ന കോഴ്സുകൾ.
  - Professional Courses.
  - Degree/Diploma Courses.
  - ഗവണ്മന്റ് അംഗീകൃത Job Oriented Certificate Courses.
- ജാതി മത വർഗ്ഗ പരിഗണനകളില്ലാതെ എല്ലാവർക്കും.
- ഒരു വിദ്യാഭ്യാസ വർഷത്തേക്കു ധനസഹായം നൽകുന്നു.
- പൂർണ്ണമായും സ്പോൺസർമാരെ ആശ്രയിക്കുന്നു.

### 2. OEAS വിവിധ സ്കീമുകൾ

നാലു സ്കീമുകളായിട്ടാണ് OEAS പദ്ധതി നടപ്പാക്കുക.

- **PCA:- Professional Course Assistance:**

  ഏതെങ്കിലും ഗവണ്മന്റ് അംഗീകൃത Professional കോഴ്സു പഠിക്കുന്ന വിദ്യാർത്ഥിക്കു Rs.10,000/- (പതിനായിരം രൂപ) ഒരു വിദ്യാഭ്യാസ വർഷത്തിൽ.

- **GCA:- Graduation Course Assistance:**

  ഏതെങ്കിലും ഗവണ്മന്റ് അംഗീകൃത Graduation/ Diploma കോഴ്സു പഠിക്കുന്ന വിദ്യാർത്ഥിക്കു Rs.5,000/- (അയ്യായിരം രൂപ) ഒരു വിദ്യാഭ്യാസ വർഷത്തിൽ.

- **JCA:- Job Oriented Course Assistance:**

  ഗവണ്മന്റ് അംഗീകൃത സ്ഥാപനത്തിൽ ഏതെങ്കിലും ഒരു Job Oriented Certificate Course പഠിക്കുന്ന വിദ്യാർത്ഥിക്കു Rs.3,000/- (മുവ്വായിരം രൂപ) ഒരു വിദ്യാഭ്യാസ വർഷത്തിൽ.

- **ESA:- Exclusive Student Assistance:**

  ഏതെങ്കിലും ഗവണ്മന്റ് അംഗീകൃത കോഴ്സു പഠിക്കുന്ന വിദ്യാർത്ഥിയുടെ ഒരു വർഷത്തെ വിദ്യാഭ്യാസ ചിലവ് പൂർണ്ണമായോ/ഭാഗികമായോ കമ്മറ്റിതീരുമാനപ്രകാരം ഒറ്റത്തവണയായോ/പല തവണയായോ നൽകുന്നു.

### 3. OEAS ധനാഗമ മാർഗ്ഗങ്ങൾ

കോൺഫ്രൻസുകളും കൗൺസിലുകളും സ്പോൺസർമാരെ കണ്ടെത്തി ഈ പദ്ധതിക്കാവശ്യമായ ധനസമാഹരണം നടത്തുന്നു. കമ്പനികൾ, സ്ഥാപനങ്ങൾ, സംഘടനകൾ, വ്യക്തികൾ മുതലായവരെ സ്പോൺസർമാരായി ഈ പദ്ധതിയിൽ പങ്കാളികളാക്കുന്നു.

**വിവിധ തരം സ്പോൺസർമാർ**

- **PCA Sponsor:-**

  Professional Course Assistance സ്കീമിലെ വിദ്യാർത്ഥികൾക്കു നൽകുന്ന OEAS ധനസഹായം (പ്രതിവർഷം 10,000 രൂപ) ഒരു വർഷമോ തുടർച്ചയായ ഏതാനും വർഷങ്ങളിലോ നൽകുന്നവർ. ഒരു സ്പോൺസർക്ക് ഒന്നിൽ കൂടുതൽ വിദ്യാർത്ഥികളെ സ്പോൺസർ ചെയ്യാവുന്നതാണ്.

- **GCA Sponsor:-**

  Graduation Course Assistance സ്കീമിലെ വിദ്യാർത്ഥികൾക്കു നൽകുന്ന OEAS ധനസഹായം (പ്രതിവർഷം 5,000 രൂപ) ഒരു വർഷമോ തുടർച്ചയായ ഏതാനും വർഷങ്ങളിലോ നൽകുന്നവർ. ഒരു സ്പോൺസർക്ക് ഒന്നിൽ കൂടുതൽ വിദ്യാർത്ഥികളെ സ്പോൺസർ ചെയ്യാവുന്നതാണ്.

- **JCA Sponsor:-**

  Job Oriented Course Assistance സ്കീമിലെ വിദ്യാർത്ഥികൾക്കു നൽകുന്ന OEAS ധനസഹായം (പ്രതിവർഷം 3,000 രൂപ) ഒരു വർഷമോ തുടർച്ചയായ ഏതാനും വർഷങ്ങളിലോ നൽകുന്നവർ. ഒരു സ്പോൺസർക്ക് ഒന്നിൽ കൂടുതൽ വിദ്യാർത്ഥികളെ സ്പോൺസർ ചെയ്യാവുന്നതാണ്.

- **ESA Sponsor:-**

  Exclusive Student Assistance സ്കീമിലെ വിദ്യാർത്ഥികൾക്കു നൽകുന്ന OEAS ധനസഹായം (ഓരോ വിദ്യാർത്ഥിക്കും പ്രത്യേകമായി കമ്മറ്റിയോ സ്പോൺസറോ നിശ്ചയിക്കുന്ന തുക) ഒരു വർഷമോ തുടർച്ചയായ ഏതാനും വർഷങ്ങളിലോ നൽകുന്നവർ. ഒരു സ്പോൺസർക്ക് ഒന്നിൽ കൂടുതൽ വിദ്യാർത്ഥികളെ സ്പോൺസർ ചെയ്യാവുന്നതാണ്.

- **Assosiate Sponsor:-**

  OEAS പദ്ധതിയിലേക്ക് ഒരു ലക്ഷം രൂപയോ അതിലധികമോ ഒരു വർഷമോ തുടർച്ചയായ ഏതാനും വർഷങ്ങളിലോ നൽകുന്നവർ.

- **Companion Sponsor:-**

  OEAS പദ്ധതിയിലേക്ക് ഇരുപത്തയ്യായിരം രൂപയോ അതിലധികമോ ഒരു വർഷമോ തുടർച്ചയായ ഏതാനും വർഷങ്ങളിലോ നൽകുന്നവർ.

- **Co- Sponsor:-**

  OEAS പദ്ധതിയിലേക്ക് സ്പോൺസർ സ്വയം നിശ്ചയിക്കുന്ന തുക ഒരു വർഷമോ തുടർച്ചയായ ഏതാനും വർഷങ്ങളിലോ നൽകുന്നവർ.

- **Scheme / Project Sponsor:-**

  ഒരു കൗൺസിലിന്റെയൊ കോൺഫ്രൻസിന്റെയൊ OEASപദ്ധതിയുടെ ഏതെങ്കിലും ഒരു സ്കീമിനാവശ്യമായ മുഴുവൻ തുകയും നൽകി Scheme Sponsor ആയും, OEAS പദ്ധതിയുടെ എല്ലാ സ്കീമിനുമാവശ്യമായ മുഴുവൻ തുകയും നൽകി Project Sponsor ആയും ഈ പദ്ധതിയിൽ പങ്കു ചേരാവുന്നതാണ്.

## 4. OEAS പദ്ധതി മേൽനോട്ടം:

എറണാകുളം സെൻട്രൽ കൗൺസിൽ വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പൊതുവായ മേൽനോട്ടച്ചുമതല സെൻട്രൽ കൗൺസിൽ പ്രസിഡന്റിനായിരിക്കും. ഏരിയ കൗൺസിൽ തലത്തിൽ എ.സി. പ്രസിഡന്റും കോൺഫ്രൻസു തലത്തിൽ കോൺഫ്രൻസ് പ്രസിഡന്റും മേൽനോട്ടച്ചുമതല വഹിക്കുന്നു. പദ്ധതിയിൽ ആവശ്യമായി വരുന്ന മാറ്റങ്ങൾ വരുത്തുവാൻ സെൻട്രൽ കൗൺസിനു അധികാരമുണ്ടായിരിക്കുന്നതാണ്.

### I. CC Level

- OEAS പദ്ധതി നടത്തിപ്പിൽ സി.സി. പ്രസിഡന്റിനെ സഹായിക്കുവാനായി സി.സി. അംഗങ്ങളുടെ ഒരു OEAS Committeeയെ നിയോഗിക്കേണ്ടതാണ്. കമ്മറ്റിയുടെ ചെയർമാൻ സി.സി. പ്രസിഡന്റും കൺവീനർ സ്കോളർഷിപ്പു ചുമതലയുള്ള സി.സി. ബോർഡംഗവുമായിരിക്കും. OEASപദ്ധതിയുടെ നടത്തിപ്പു ചുമതല OEAS Committeeക്കാണ്. കമ്മറ്റി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും സി.സി. തല പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുകയും ചെയ്യുന്നത് കൺവീനറായിരിക്കും.
- OEASപദ്ധതിയുമായി ബന്ധപ്പെട്ടു OEAS Committee മുന്നോട്ടുവക്കുന്ന നയപരമായ കാര്യങ്ങൾ CC Boardന്റെ ശുപാർശയോടുകൂടി Central Council ചർച്ചചെയ്ത് അംഗീകാരത്തോടെ നടപ്പാക്കേണ്ടതാണ്.

- OEAS പദ്ധതിയുമായി ബന്ധപ്പെട്ടു OEAS Committee മുന്നോട്ടുവക്കുന്ന പ്രവർത്തനപരിപാടികൾ CC Board ചർച്ച ചെയ്ത് അംഗീകാരത്തോടെ നടപ്പാക്കേണ്ടതാണ്.
- OEAS പദ്ധതിയുമായി ബന്ധപ്പെട്ട റിക്കോർഡുകൾ സൂക്ഷിക്കുക, ആവശ്യമായ റിപ്പോർട്ടുകൾ പ്രസിഡന്റിനും ബോർഡിനും കൗൺസിലിനും നൽകുക, പ്രവർത്തനപരിപാടികൾ ആവശ്യമായ സമതികളിൽ അവതരിപ്പിച്ച് അംഗീകാരം നേടുക, കമ്മറ്റി അംഗങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക എന്നിവ കൺവീനറുടെ ചുമതലയാണ്.

### II. AC Level

- സെൻട്രൽ കൗൺസിൽ നൽകുന്ന മാർഗ്ഗനിർദ്ദേശമനുസരിച്ചാണ് OEAS പദ്ധതി ഏരിയ കൗൺസിൽ നടപ്പാക്കേണ്ടത്.
- OEAS പദ്ധതി നടത്തിപ്പിൽ എ.സി. പ്രസിഡന്റിനെ സഹായിക്കുവാനായി എ.സി. അംഗങ്ങളുടെ ഒരു OEAS Committeeയെ നിയോഗിക്കേണ്ടതാണ്. കമ്മറ്റിയുടെ ചെയർമാൻ എ.സി. പ്രസിഡന്റും കൺവീനർ സ്കോളർഷിപ്പു ചുമതലയുള്ള എ.സി. ബോർഡംഗവുമായിരിക്കും. OEAS പദ്ധതിയുടെ നടത്തിപ്പു ചുമതല OEAS Committeeക്കാണ്. കമ്മറ്റി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും എ.സി. തല പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുകയും ചെയ്യുന്നത് കൺവീനറായിരിക്കും.
- OEASപദ്ധതിയുമായി ബന്ധപ്പെട്ടു OEAS Committee മുന്നോട്ടുവക്കുന്ന പ്രവർത്തനപരിപാടികൾ Board/Council ചർച്ച ചെയ്ത് അംഗീകാരത്തോടെ നടപ്പാക്കേണ്ടതാണ്.
- OEAS പദ്ധതിയുമായി ബന്ധപ്പെട്ട റിക്കോർഡുകൾ സൂക്ഷിക്കുക, ആവശ്യമായ റിപ്പോർട്ടുകൾ പ്രസിഡന്റിനും ബോർഡിനും കൗൺസിലിനും നൽകുക, പ്രവർത്തനപരിപാടികൾ ആവശ്യമായ സമതികളിൽ അവതരിപ്പിച്ച് അംഗീകാരം നേടുക, കമ്മറ്റി അംഗങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക എന്നിവ കൺവീനറുടെ ചുമതലയാണ്.

### III. Conference Level

- ഉപരി കൗൺസിലുകൾ നൽകുന്ന മാർഗ്ഗനിർദ്ദേശമനുസരിച്ചാണ് OEAS പദ്ധതി കോൺഫ്രൻസ് നടപ്പാക്കേണ്ടത്.
- OEAS പദ്ധതി നടത്തിപ്പിൽ കോൺഫ്രൻസ് പ്രസിഡന്റിനെ സഹായിക്കുവാനായി ആവശ്യമെങ്കിൽ അംഗങ്ങളുടെ ഒരു OEAS Committeeയെ നിയോഗിക്കാവുന്നതാണ്. OEAS Committeeയെ നിയോഗിക്കുകയാണെങ്കിൽ അതിന്റെ പ്രവർത്തനങ്ങളും ചുമതലകളും AC യുടെ OEAS Committeeയുടെതിനു സമാനമായിരിക്കും.

## 5. ധനസഹായം നൽകുന്നതിനുള്ള യോഗ്യത / മാനദണ്ഡം

- പദ്ധതിയിൽ പറഞ്ഞിരിക്കുന്ന കോൺഫ്രൻസുകളുടെ പ്രവർത്തന പരിധിയിൽ നിന്നുള്ളവർ.
- അപേക്ഷകർ പ്രൊഫഷണൽ / ഡിഗ്രി / ഡിപ്ലോമ / സർട്ടിഫിക്കറ്റ് എന്നീ ഫുൾ ടൈം റെഗുലർ കോഴ്സുകൾ ഏതെങ്കിലും ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നവരായിരിക്കണം (കോഴ്സിനു ചേർന്നിട്ടുള്ളവർ).
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബാംഗമാണെന്ന് ബന്ധപ്പെട്ട കോൺഫറൻസ് സാക്ഷ്യപ്പെടുത്തിയിരിക്കണം.
- ഒരു വിദ്യാർത്ഥിക്കു ഒരു വർഷത്തിൽ ഏതെങ്കിലും ഒരു Scheme ൽപെട്ട ധനസഹായത്തിനേ അർഹതയുള്ളു.

## 6. അപേക്ഷ നടപടിക്രമങ്ങളും നടത്തിപ്പും

- മുകളിൽ സൂചിപ്പിച്ചിരിക്കുന്നതു പോലെ കോൺഫ്രൻസ്, ഏരിയ കൗൺസിൽ, സെൻട്രൽ കൗൺസിൽ എന്നിങ്ങനെ മൂന്ന് തലങ്ങളിലായാണ് OEAS പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. അടിസ്ഥാന തലം കോൺഫ്രൻസ് തന്നെയാണ്. നിലവിൽ 305 ഓളം കോൺഫ്രൻസുകളാണ് നമ്മുടെ സിസിയിൽ ഇപ്പോൾ ഉള്ളത്. ഇതിനു പുറമെ എറണാകുളം സെൻട്രൽ കൗൺസിൽ ട്വിൻ ചെയ്തിരിക്കുന്ന മറ്റു സി.സി.കളിലായി 30 കോൺഫ്രൻസുകളും ഉൾപ്പെടെ ഏകദേശം 335 കോൺഫ്രൻസുകളാണു ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്.
- എല്ലാ കോൺഫ്രൻസുകളും കൗൺസിലുകളും സ്പോൺസർമാരെ സ്വയം കണ്ടെത്തി പരമാവധി വിദ്യാർത്ഥികൾക്കു ധനസഹായം നൽകുവാൻ പരിശ്രമിക്കണം. കൂടുതൽ സ്പോൺസർഷിപ്പുകൾ കണ്ടെത്തുവാൻ സാധിക്കുന്ന കോൺഫ്രൻസുകൾ ഏതാനും സ്പോൺസർഷിപ്പുകൾ ഉപരി കൗൺസിലിലേയ്ക്ക് നൽകണം. ഇതുവഴി ആവശ്യത്തിനു സ്പോൺസർമാരെ കണ്ടെത്താൻ സാധിക്കാത്ത കോൺഫ്രൻസുകൾക്കു ഒരു സഹായമാകും.
- സ്വന്തം പ്രവർത്തന മേഖലയിൽ OEAS ധനസഹായത്തിനു അർഹരായവരെ കണ്ടെത്താൻ സാധിക്കാത്ത കോൺഫ്രൻസുകളും പരമാവധി സ്പോൺസർമാരെ കണ്ടെത്തി സ്പോൺസർഷിപ്പു തുക സമാഹരിച്ച് ഉപരി കൗൺസിലിലേക്കു നൽകി ഈ പദ്ധതിയിൽ പങ്കാളികളാകേണ്ടതാണ്.

## I. Conference Level

**പ്ളാനിംഗ് – ഏപ്രിൽ :**

- കോൺഫ്രൻസുകൾ ഓരോ വിദ്യാഭ്യാസ വർഷവും നൽകാൻ ഉദ്ദേശിക്കുന്ന OEAS ധനസഹായങ്ങളുടെ എണ്ണം, ഏതെല്ലാം സ്കീമുകളിൽ എത്ര ധനസഹായങ്ങൾ വീതം, ഉപരി കൗൺസിലിലേയ്ക്ക് നൽകുവാൻ ഉദ്ദേശിക്കുന്ന സ്പോൺസർഷിപ്പുകളുടെ എണ്ണം എന്നിവ എല്ലാവർഷവും ഏപ്രിൽ മാസം തന്നെ പ്ലാൻ ചെയ്ത് പദ്ധതി തയ്യാറാക്കേണ്ടതാണ്.
- പദ്ധതി പ്ലാൻ ഒരു റിപ്പോർട്ടായി ഏപ്രിൽ അവസാനം തന്നെ ഏരിയാ കൗൺസിലിലേയക്ക് നൽകണം. Form No. OEAS/Cf1-P
- ഒരു വിദ്യാഭ്യാസ വർഷത്തിൽ കുറഞ്ഞത് രണ്ട് വിദ്യാർത്ഥികൾക്കെങ്കിലും OEAS ധനസഹായം നൽകേണ്ടതാണ്. സ്പോൺസർഷിപ്പിന്റെ ലഭ്യത അനുസരിച്ച് രണ്ടിൽ കൂടുതൽ പേർക്കു OEAS ധനസഹായം കോൺഫ്രൻസുകൾക്ക് നൽകാവുന്നതാണ്.

**സമാഹരണം – മെയ്–ഓഗസ്റ്റ്:**

- പദ്ധതി പ്രകാരം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന OEAS പദ്ധതിക്ക് സ്പോൺസർമാരെ മെയ്–ഓഗസ്റ്റ് മാസങ്ങളിൽ കണ്ടെത്തി സമ്മതപത്രം വാങ്ങുക. Form No. OEAS/Gn1-S
- സ്പോൺസർഷിപ്പു തുക ഒറ്റത്തവണയായോ ഗഡുക്കളായോ സ്വീകരിക്കാവുന്നതാണ്.
- സ്പോൺസർമാർക്ക് ഇൻകം ടാക്സ് ഇളവു ലഭിക്കുന്നതിനായി 80 G- രസീത് ആവശ്യമുള്ളവർ സ്പോൺസർഷിപ്പു തുക എറണാകുളം സെൻട്രൽ കൗൺസിലിന്റെ പേരിൽ ചെക്കായോ ബാങ്കു ട്രാൻസ്ഫറായോ വാങ്ങേണ്ടതാണ്. ആ തുക കോൺഫ്രൻസിലേക്കു ലഭിക്കുന്നതിനും സ്പോൺസർക്കുള്ള 80 G- രസീത് ലഭിക്കുന്നതിനുമായി എരിയ കൗൺസിലുമായി ബന്ധപ്പെടേണ്ടതാണ്.

### Bank Details of CC

| | | |
|---|---|---|
| Title of A/c | : | Society of St. Vincent De Paul, Ernakulam Central Council |
| Account No | : | 0021005410971900001 |
| IFSC | : | CSBK0000021 |
| Bank | : | CSB Bank, Market Road, Ernakulam |

**അപേക്ഷകൾ – ഓഗസ്റ്റ്:**

- കോൺഫറൻസു തലത്തിലെ ഫണ്ടുപയോഗിച്ച് OEAS ധനസഹായം നൽകാൻ തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ അപേക്ഷകൾ ഓഗസ്റ്റ് മാസത്തിൽ കോൺഫ്രൻസുകൾ സ്വീകരിക്കുന്നു. Form No. OEAS/Gn2-A
- ഉപരികൗൺസിലിൽ നിന്നും OEAS ധനസഹായം ലഭിക്കും എന്നുറപ്പു ലഭിച്ചതിനുശേഷം മാത്രമേ അതിനായി അപേക്ഷ വിദ്യാർത്ഥികളിൽ നിന്നും കോൺഫ്രൻസു സ്വീകരിക്കാവൂ.

**വിതരണം:– സെപ്റ്റംബർ–ഒക്ടോബർ:**

- ലഭിച്ച അപേക്ഷകൾ കോൺഫറൻസു പരിശോധിച്ച് ഉചിതമായ തീരുമാനമെടുത്ത് സെപ്റ്റംബർ-ഓക്ടോബർ മാസങ്ങളിൽ OEAS ധനസഹായം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നു.
- ഉപരി കൗൺസിലിലേക്ക് മുൻ നിശ്ചയപ്രകാരം നൽകുവാൻ ഉദ്ദേശിച്ച സ്പോൺസർഷിപ്പു തുക കൈമാറുന്നു.
- OEAS പദ്ധതിക്കായി ഒരു വർഷം കോൺഫ്രൻസ് സമാഹരിച്ച തുക ആ വർഷം തന്നെ OEAS ധനസഹായമായി ഉപയോഗിക്കേണ്ടതാണ്. എന്നാൽ സ്പോൺസർമാർ ഒന്നിൽ കൂടുതൽ വർഷങ്ങളിലേക്കുള്ള സ്പോൺസർഷിപ്പ് തുക മുൻകൂറായി നൽകിയിട്ടുണ്ടെങ്കിൽ ആ തുക കോൺഫ്രൻസുകൾ സൂക്ഷിക്കുകയും സ്പോൺസർ നിർദ്ദേശിച്ച വർഷം OEAS ധനസഹായത്തിനായി ഉപയോഗിക്കുകയും വേണം.
- തനതു വർഷത്തേക്കുള്ള OEAS സ്പോൺസർഷിപ്പായി ലഭിച്ച തുക കോൺഫ്രൻസിൽ ചിലവഴിക്കാതെ ബാക്കിയുണ്ടെങ്കിൽ ആ തുക ഏരിയ കൗൺസിലിനെ ഏൽപിക്കേണ്ടതാണ്.
- വിതരണം ചെയ്ത OEAS ധനസഹായങ്ങളുടെ റിപ്പോർട്ട് ഒക്ടോബർ മാസം അവസാനം തന്നെ ഉപരി കൗൺസിലിലേക്ക് നൽകേണ്ടതാണ്. Form No. OEAS/Cf2-D
- സ്വന്തമായി ഫണ്ട് കണ്ടെത്തുവാൻ സാധിക്കാത്ത കോൺഫ്രൻസുകൾ ഏരിയ കൗൺസിൽ നിർദ്ദേശിക്കുന്ന സമയത്തു മാത്രം വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുകയും ഉപരികൗൺസിലിലേക്കു ശുപാർശ ചെയ്ത് നൽകുകയും ചെയ്യേണ്ടതാണ്.

## II. AC Level

**പ്ലാനിംഗ് – മെയ് :**

- എസിയുടെ പരിധിയിലെ കോൺഫ്രൻസുകളിലേക്കു നൽകുവാൻ ഉദ്ദേശിക്കുന്നതും ഉപരി കൗൺസിലിലേയ്ക്ക് നൽകുവാൻ ഉദ്ദേശിക്കുന്നതുമായ OEAS പദ്ധതി മെയ് മാസം തയ്യാറാക്കുകയും, റിപ്പോർട്ട് സിസിയിലേയ്ക്ക് നൽകുകയും ചെയ്യുക. Form No. OEAS/AC1-P

- ഓരോ കോൺഫ്രൻസിലേയും പദ്ധതി പ്ലാൻ റിപ്പോർട്ടുകൾ പഠിച്ച് എസിയിൽ ഉൾപ്പെട്ട എല്ലാ കോൺഫറൻസുകളിലും മിനിമം രണ്ട് OEAS ധനസഹായം പ്ലാൻ ചെയ്തിട്ടുള്ളതായി ഉറപ്പ് വരുത്തുക

**സമാഹരണം : ജൂൺ–നവംബർ :**

- പദ്ധതി നടപ്പാക്കാൻ ആവശ്യമായ സ്പോൺസർമാരെ ജൂൺ – നവംബർ മാസങ്ങളിൽ കണ്ടെത്തി സമ്മതപത്രം വാങ്ങുക. Form No. OEAS/Gn1-S
- സ്പോൺസർഷിപ്പു തുക ഒറ്റത്തവണയായോ ഗഡുക്കളായോ സ്വീകരിക്കാവുന്നതാണ്.
- സ്പോൺസർമാർക്ക് ഇൻകം ടാക്സ് ഇളവു ലഭിക്കുന്നതിനായി 80 G- രസീത് ആവശ്യമുള്ളവർ സ്പോൺസർഷിപ്പു തുക എറണാകുളം സെൻട്രൽ കൗൺസിലിന്റെ പേരിൽ ചെക്കായി വാങ്ങേണ്ടതാണ്. ആ തുക ഏരിയ കൗൺസിലിലേക്കു ലഭിക്കുന്നതിനും സ്പോൺസർക്കുള്ള 80 G രസീത് ലഭിക്കന്നതിനുമായി സെൻട്രൽ കൗൺസിലുമായി ബന്ധപ്പെടേണ്ടതാണ്.

### Bank Details of CC

| | | |
|---|---|---|
| Title of A/c | : | Society of St. Vincent De Paul, Ernakulam Central Council |
| Account No | : | 002100541097190001 |
| IFSC | : | CSBK0000021 |
| Bank | : | CSB Bank, Market Road, Ernakulam |

- കോൺഫ്രൻസുകളിൽ നിന്നും ഉപരികൗൺസിലിലേക്കു ഓഫർ ചെയ്തിട്ടുള്ള സ്പോൺസർഷിപ്പു തുക സമാഹരിക്കുക.
- കോൺഫ്രൻസുകളിൽ വിദ്യാഭ്യാസ സ്പോൺസർഷിപ്പായി ലഭിച്ച തുക ചിലവഴിക്കാതെ നീക്കു ബാക്കിയുണ്ടെങ്കിൽ ആ തുകയും സമാഹരിക്കുക.

**അപേക്ഷകൾ – നവംബർ:**

- എസിയിൽ നിന്നും കോൺഫറൻസുകളിലേക്കു വിതരണം ചെയ്യുവാനുദ്ദേശിക്കുന്ന OEAS ധനസഹായം അപേക്ഷകൾ നവംബർ മാസത്തിൽ കോൺഫ്രൻസുകളിൽ നിന്നും സ്വീകരിക്കുന്നു. Form No. OEAS/Gn2-A
- സെൻട്രൽ കൗൺസിലിൽ നിന്നും OEAS ധനസഹായം ലഭിക്കും എന്നുറപ്പു ലഭിച്ചതിനു ശേഷം മാത്രമേ അതിനായി അപേക്ഷകൾ കോൺഫ്രൻസുകളിൽ നിന്നും എസി ആവശ്യപ്പെടാവൂ.
- കോൺഫ്രൻസുകൾ ശുപാർശ ചെയ്യുന്നവയല്ലാതെ വിദ്യാർത്ഥികളിൽ നിന്ന് നേരിട്ട് അപേക്ഷകൾ എസി യിൽ സ്വീകരിക്കാൻ പാടുള്ളതല്ല.

**വിതരണം : നവംബർ–ഡിസംബർ :**

- കോൺഫറൻസുകളിൽ നിന്നും ലഭിച്ച അപേക്ഷകൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുത്ത് നവംബർ-ഡിസംബർ മാസങ്ങളിൽ OEAS ധനസഹായം കോൺഫ്രൻസുകളിലൂടെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നു.
- സെൻട്രൽ കൗൺസിലിലേക്ക് മുൻ നിശ്ചയ പ്രകാരം നൽകുവാൻ ഉദ്ദേശിച്ച സ്പോൺസർഷിപ്പു തുക കൈമാറുന്നു.
- OEAS പദ്ധതിക്കായി ഒരു വർഷം ഏരിയ കൗൺസിൽ സമാഹരിച്ച തുക ആ വർഷം തന്നെ OEAS ധനസഹായമായി ഉപയോഗിക്കേണ്ടതാണ്. എന്നാൽ സ്പോൺസർമാർ ഒന്നിൽ കൂടുതൽ വർഷങ്ങളിലേക്കുള്ള സ്പോൺസർഷിപ്പ് തുക മുൻകൂറായി നൽകിയിട്ടുണ്ടെങ്കിൽ ആ തുക ഏരിയ കൗൺസിൽ സൂക്ഷിക്കുകയും സ്പോൺസർ നിർദ്ദേശിച്ച വർഷം OEAS ധനസഹായത്തിനായി ഉപയോഗിക്കുകയും വേണം.
- തനതു വർഷത്തേക്കുള്ള OEAS സ്പോൺസർഷിപ്പായി ലഭിച്ച തുക ഏരിയ കൗൺസിൽ ചിലവഴിക്കാതെ ബാക്കിയുണ്ടെങ്കിൽ ആ തുക സെൻട്രൽ കൗൺസിലിനെ ഏൽപിക്കേണ്ടതാണ്.
- വിതരണം ചെയ്ത OEAS ധനസഹായങ്ങളുടെ റിപ്പോർട്ട് നവംബർ മാസം അവസാനം തന്നെ ഉപരി കൗൺസിലിലേക്ക് നൽകേണ്ടതാണ്. Form No. OEAS/AC2-D
- ആവശ്യത്തിനു ഫണ്ട് കണ്ടെത്തുവാൻ സാധിക്കാത്ത ഏരിയ കൗൺസിലുകൾ സെൻട്രൽ കൗൺസിൽ നിർദ്ദേശിക്കുന്ന സമയത്ത് കോൺഫ്രൻസുകളിൽ നിന്നും അപേക്ഷകൾ സീകരിച്ച് ശുപാശ ചെയ്ത് നൽകേണ്ടതാണ്.
- എല്ലാ കോൺഫറൻസുകളിലും മിനിമം രണ്ട് OEAS ധനസഹായം നൽകിയതായി എസി ഉറപ്പ് വരുത്തേണ്ടതാണ്.

## III CC Level

**പ്ലാനിംഗ് – ജൂൺ:**

- സിസിയിലെ ഏരിയ കൗൺസിലുകൾ വഴി കോൺഫ്രൻസുകളിലേക്കു നൽകുവാൻ ഉദ്ദേശിക്കുന്നതും മറ്റു സെൻട്രൽ കൗൺസിലുകളിലെ Internal Twin കോൺഫ്രൻസുകളിലേക്കു നൽകുവാൻ ഉദ്ദേശിക്കുന്നതുമായ OEAS ധനസഹായ പദ്ധതി ജൂൺ മാസം തയ്യാറാക്കുക. Form No. OEAS/CC1-P

- എസികളിൽ നിന്നും ലഭിച്ച പദ്ധതി പ്ളാൻ റിപ്പോർട്ടുകൾ പഠിച്ച് സിസിയിൽ ഉൾപ്പെട്ട എല്ലാ കോൺഫ്രൻസുകളിലും മിനിമം രണ്ട് OEAS ധനസഹായം എങ്കിലും പ്ലാൻ ചെയ്തിട്ടുള്ളതായി ഉറപ്പ് വരുത്തുക.

**സമാഹരണം – ജൂലൈ-ഡിസംബർ:**

- പദ്ധതി നടപ്പാക്കാൻ ആവശ്യമായ സ്പോൺസർമാരെ ജൂലൈ-ഡിസംബർ മാസങ്ങളിൽ കണ്ടെത്തി സമ്മതപത്രം വാങ്ങുക. Form No. OEAS/Gn1-S
- സ്പോൺസർഷിപ്പു തുക ഒറ്റത്തവണയായോ ഗഡുക്കളായോ സ്വീകരിക്കാവുന്നതാണ്.
- ഏരിയ കൗൺസിലുകളിൽ നിന്നും സെൻട്രൽ കൗൺസിലിലേക്കു ഓഫർ ചെയ്തിട്ടുള്ള സ്പോൺസർഷിപ്പു തുക സമാഹരിക്കുക.
- ഏരിയ കൗൺസിലുകളിൽ വിദ്യാഭ്യാസ സ്പോൺസർഷിപ്പായി ലഭിച്ച തുക ചിലവഴിക്കാതെ നീക്കു ബാക്കിയുണ്ടെങ്കിൽ ആ തുകയും സമാഹരിക്കുക.

**അപേക്ഷകൾ : ഡിസംബർ :**

- ഏരിയ കൗൺസിലുകൾവഴി കോൺഫ്രൻസുകൾക്കു വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്ന OEAS ധനസഹായത്തിനുള്ള അപേക്ഷകൾ ഡിസംബർ മാസത്തിൽ ഏരിയ കൗൺസിലുകളിൽ നിന്നും ആവശ്യപ്പെടുക.
- ഏരിയ കൗൺസിൽ ശുപാർശ ചെയ്യുന്നവയല്ലാതെ വിദ്യാർത്ഥികളിൽ നിന്നോ കോൺഫ്രൻസുകളിൽ നിന്നോ നേരിട്ട് അപേക്ഷകൾ സിസി യിൽ സ്വീകരിക്കാൻ പാടുള്ളതല്ല.

**വിതരണം – ഡിസംബർ – ജനുവരി :**

- ഏരിയ കൗൺസിലുകൾ വഴി ലഭിച്ച അപേക്ഷകൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുത്ത് നവംബർ-ഡിസംബർ മാസങ്ങളിൽ OEAS ധനസഹായം ഏരിയ കൗൺസിൽ – കോൺഫ്രൻസ് വഴി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നു.
- OEAS പദ്ധതിക്കായി ഒരു വർഷം സെൻട്രൽ കൗൺസിൽ സമാഹരിച്ച തുക ആ വർഷം തന്നെ OEAS ധനസഹായമായി ഉപയോഗിക്കേണ്ടതാണ്. എന്നാൽ സ്പോൺസർമാർ ഒന്നിൽ കൂടുതൽ വർഷങ്ങളിലേക്കുള്ള സ്പോൺസർഷിപ്പ് തുക മുൻകൂറായി നൽകിയിട്ടുണ്ടെങ്കിൽ ആ തുക സെൻട്രൽ കൗൺസിൽ സൂക്ഷിക്കുകയും സ്പോൺസർ നിർദ്ദേശിച്ച വർഷം OEAS ധനസഹായത്തിനായി ഉപയോഗിക്കുകയും വേണം.
- തനത് വർഷക്കേുള്ള OEAS സ്പോൺസർഷിപ്പായി ലഭിച്ച തുക സെൻട്രൽ കൗൺസിലിൽ ബാക്കിയുണ്ടെങ്കിൽ ആ തുക അടുത്ത വർഷത്തെ OEAS പദ്ധതിക്കായി പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.
- എല്ലാ കോൺഫ്രൻസുകളിലും മിനിമം രണ്ട് OEAS ധനസഹായമെങ്കിലും നൽകിയതായി ഉറപ്പ് വരുത്തേണ്ടതാണ്.

## 7. അപേക്ഷയോടൊപ്പം ആവശ്യമുള്ള രേഖകൾ

**കോൺഫറൻസ്**

1. സ്കോളർഷിപ്പ് അപേക്ഷ. Form No. OEAS/Gn2-A
2. അപേക്ഷകർ പഠിക്കുന്ന സ്ഥാപന അധികാരിയിൽ നിന്നും ലഭിക്കുന്ന അഡ്മിഷൻ/കോഴ്സ് സർട്ടിഫിക്കറ്റ്. Form No. OEAS/Gn3-C

**ഏരിയ കൗൺസിൽ**

മേൽപ്പറഞ്ഞ രേഖകളോടൊപ്പം കോൺഫ്രൻസ് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയ അപേക്ഷ.

**സെൻട്രൽ കൗൺസിൽ**

മേൽപ്പറഞ്ഞ രേഖകളോടൊപ്പം ഏരിയ കൗൺസിൽ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയ അപേക്ഷ.

## 8. സ്കോളർഷിപ്പ് കാലാവധി

- ഓസാനം വിദ്യാഭ്യാസ സഹായ പദ്ധതിക്കു പ്രത്യേക കാലാവധി നിശ്ചയിച്ചിട്ടില്ല. നിർധന വിദ്യാർത്ഥികൾക്കു സഹായം ആവശ്യമുള്ള കാലത്തോളം ഈ പദ്ധതി തുടരാവുന്നതാണ്.
- ഓസാനം വിദ്യാഭ്യാസ സഹായ പദ്ധതിയിലൂടെ അനുവദിക്കുന്ന ധനസഹായം ഒരു വിദ്യാഭ്യാസ വർഷത്തേക്കായിരിക്കും.
- എല്ലാവർഷവും പുതിയ അപേക്ഷകൾ സ്വീകരിക്കേണ്ടതാണ്.
- മുൻ വർഷങ്ങളിൽ OEAS ധനസഹായം അനുവദിച്ചവരുടെയും അപേക്ഷകൾ പരിഗണിക്കുന്നതാണ്.

01-02-2022

**പ്രസിഡന്റ്, എറണാകുളം സെൻട്രൽ കൗൺസിൽ**